(എ) കോഴിക്കോട്-കാരാപ്പറമ്പ് മേജർ സെക്ഷൻ വിഭജനവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സെക്ഷൻ വിഭജിക്കുമ്പോൾ എവിടെയെല്ലാമാണ് ഓഫീസുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) വിഭജിക്കുമ്പോൾ ഏതെല്ലാം പ്രദേശങ്ങളാണ് ഓരോ സെക്ഷന്റെയും കീഴിൽ വരുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കാരാപ്പറമ്പ് മേജർ സെക്ഷൻ വിഭജിച്ച് വെള്ളിമാട് കുന്നിൽ ഒരു സെക്ഷൻ ഓഫീസ് ആരംഭിക്കുവാൻ 29-5-98-ൽ ബോർഡ് ഉത്തരവായിട്ടുണ്ട്. കെട്ടിട സൗകര്യം ലഭിക്കാത്തതിനാൽ ഇതുവരെയും ഓഫീസ് ആരംഭിച്ചിട്ടില്ല. അവിടേയ്ക്ക് ഒരു അസിസ്റ്റന്റ് എഞ്ചിനീയറെ നിയമിച്ചിട്ടുമുണ്ട്.

(ബി) വെള്ളിമാട് കുന്ന് സെക്ഷന് കെട്ടിട സൗകര്യം ലഭ്യമാകുന്നതനുസരിച്ച് ചെലവൂരിന്റെയും മാലാപ്പറമ്പിന്റെയും ഇടയ്ക്കുള്ള സ്ഥലത്ത് പുതിയ ഓഫീസ് സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) കോഴിക്കോട് കോർപ്പറേഷനിലെ കിഴക്കേനടക്കാവ് മുതൽ മാലാപ്പറമ്പുവരെയുള്ള പ്രദേശങ്ങളും കാരാപ്പറമ്പ്-വേങ്ങേരി മുതൽ കക്കോടി പാലം വരെയുള്ള പ്രദേശങ്ങളും കാരാപ്പറമ്പ് സെക്ഷനിലും ചെലവൂർ മുതൽ മാലാപ്പറമ്പ് വരെയുള്ള പ്രദേശങ്ങളും വടക്ക് കണ്ണാടിക്കൽ പൂളക്കടവ് മുതൽ വിരിപ്പിൽ വരെയുള്ള പ്രദേശങ്ങളും വെള്ളിമാട് കുന്ന് സെക്ഷനിലുമാണ് വരുന്നത്.

155 (2533) ഗ്യാസ് സബ്സ്റ്റേഷന്റെ നിർമ്മാണം

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ പുതിയറയിൽ നിർമ്മിക്കുന്ന (ഗ്യാസ്) സബ്സ്റ്റേഷന്റെ നിർമ്മാണപ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സബ്സ്റ്റേഷന്റെ പ്രവർത്തനം എന്നു മുതൽ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ സബ്സ്റ്റേഷൻ നിർമ്മാണത്തിന് എത്ര രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സബ്സ്റ്റേഷന്റെ നിർമ്മാണവും ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള ഒരുക്കങ്ങളും നടന്നു വരുന്നു.

(ബി) രണ്ടായിരാമാണ്ട് അവസാനത്തോടെ.

(സി) 800 ലക്ഷം രൂപ.

156 (2534) വൈദ്യുതി ബോർഡിലെ അസിസ്റ്റന്റ് എൻജിനീയർമാരുടെ ഒഴിവുകൾ

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly